# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) വയനാട് ലോക്സഭ, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് നാളെ. ഒരുക്കങ്ങൾ പൂർത്തിയായി.

   By-elections for Wayanad Lok Sabha and Chelakara assembly constituencies tomorrow. Preparations are complete.

2) ഝാർഖണ്ഡിൽ ഒന്നാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പും നാളെ.

   First phase assembly elections in Jharkhand also tomorrow.

3) മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ദാദ്ര ആൻഡ് നാഗർ ഹവേലി, ദാമൻ ദിയുവിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള സ്വീകരണം.

   Warm welcome to President Draupadi Murmu who arrived at Dadra and Nagar Haveli, Daman Diu for a three-day visit.

4) സി ഐ എസ് എഫിൽ ആദ്യ വനിതാ ബറ്റാലിയൻ സ്ഥാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ അനുമതി. ചരിത്ര പരമായ തീരുമാനം വനിതാ ശാക്തീകരണം ലക്ഷ്യമിട്ട്.

   Union Home Ministry approves establishment of first women's battalion in CISF A historic decision aimed at women empowerment.

5) ജൈവ ഇന്ധന മിശ്രണത്തിലൂടെ ഇറക്കുമതി ചെലവിനത്തിലുള്ള 91,000 കോടി രൂപ ലാഭിക്കാനാകുമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി.

Union Minister Hardeep Singh Puri said that 91,000 crore rupees in import cost can be saved through biofuel blending.

6) വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ ദക്ഷിണ കൊറിയയ്ക്കെതിരെ ഇന്ത്യയ്ക്ക് ജയം.

India beat South Korea in Women's Asian Hockey Championship.

**************************

## Jharkhand Poll

ഝാർഖണ്ഡിൽ നാളെ നടക്കുന്ന ഒന്നാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 43 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. പ്രശ്ന സാധ്യതയുള്ള 225 ബൂത്തുകളാണ് ഈ ഘട്ടത്തിൽ ഉള്ളത്. ഒന്നാംഘട്ടത്തിൽ ആകെ 15,344 പോളിംഗ് ബൂത്തുകളാണ് ഉള്ളത്. 200 കമ്പനിയിലധികം സുരക്ഷാ സേനയെ വിന്യസിച്ചിട്ടുണ്ട്. രാവിലെ 7 മണി മുതൽ വൈകിട്ട് 5 മണിവരെയാണ് പോളിംഗ്. എന്നാൽ സുരക്ഷാ സ്ഥിതി കണക്കിലെടുത്ത് 31 മണ്ഡലങ്ങളിലെ 950 ബൂത്തുകളിൽ വൈകിട്ട് 4 ന് വോട്ടെടുപ്പ് അവസാനിക്കും. 683 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. ഒരു കോടി 37 ലക്ഷത്തിലധികം വോട്ടർമാരാണ് സമ്മതിദാനാവകാശം വിനിയോഗിക്കുക. രണ്ടാംഘട്ടം തെരഞ്ഞെടുപ്പ് ഈ മാസം 20 നാണ്. 23 നാണ് വോട്ടെണ്ണൽ.

**************************

## Jharkhand Poll –Second

അതേസമയം, ഝാർഖണ്ഡിൽ രണ്ടാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുകയാണ്. എൻഡിഎ, ഐഎൻഡിഐഎ മുന്നണികളുടെ പ്രമുഖ നേതാക്കൾ പ്രചരണത്തിൽ പങ്കെടുക്കുന്നു. 38 മണ്ഡലങ്ങളിലാണ് ഈ

ഘട്ടത്തിൽ തെരഞ്ഞെടുപ്പ്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ, ജെഎം എം നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ദ് സോറൻ എന്നിവർ ഇന്ന ് സംസ്ഥാനത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

***************************

## ELECTION STATES

11 സംസ്ഥാനങ്ങളിലെ 33 നിയമസഭാ മണ്ഡലങ്ങളിലാണ് നാളെ ഉപ തെരഞ്ഞെടുപ്പ് നടക്കുന്നത്. രാജസ്ഥാനിൽ 7, പശ്ചിമ ബംഗാളിൽ 6, അസമിൽ 5, ബിഹാറിൽ 4, കർണ്ണാടകയിൽ 3, മധ്യപ്രദേശ്, സിക്കിം എന്നിവിടങ്ങളിൽ രണ്ട് വീതം മണ്ഡലങ്ങളിൽ നാളെ വോടട്ടെടുപ്പ് നടക്കും. കേരളത്തിലെ ചേലക്കരയിലും ഛത്തീസ്ഗഡ്, ഗുജറാത്ത്, മേഘാലയ എന്നിവിടങ്ങളിലെ ഓരോ നിയമസഭാമണ്ഡലങ്ങളിലും നാളെ ഉപതെരഞ്ഞെടുപ്പ് നടക്കും. എല്ലാ ഒരുക്കങ്ങളും പൂർത്തിയായി കഴിഞ്ഞു.

***************************

## By-Election - KERALA

വയനാട്, ചേലക്കര മണ്ഡലങ്ങൾ നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ മണ്ഡലങ്ങളിൽ പൂർത്തിയായി. നാളെ രാവിലെ 7 മണി മുതൽ വൈകുന്നേരം ആറ് മണിവരെയാണ് വോട്ടെടുപ്പ്. പോളിങ്ങ് സാമഗ്രികളുടെ വിതരണം ഇന്ന് നടന്നു. വയനാട് പാർലമെൻറ് മണ്ഡലത്തിൽ 16 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്.വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽവ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ 14.71 ലക്ഷം വോട്ടർമാരാണുള്ളത്. അതേസമയം പാലക്കാട് നിയമസഭാ മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുകയാണ്.

***************************

## Election-Chelakkara (INTRO)

നാളെ നടക്കുന്ന ചേലക്കര ഉപതെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.മണ്ഡലത്തിലെ 14 പ്രശ്നസാധ്യതാ ബൂത്തുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത്

സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്. വെബ്കാസ്റ്റിങ്ങ് സംവിധാനവും പോളിങ്ങ് ബൂത്തുകളിൽ ഏർപ്പെടുത്തി. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.

(വോയ്സ്)

***************************

## Maharastra Election

മഹാരാഷ്ട്രയിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. പ്രധാന മന്ത്രി നരേന്ദ്ര മോദി പ്രചാരണത്തിൽ പങ്കെടുത്തു. പ്രതിപക്ഷ മുന്നണി നേതാക്കളും പ്രചാരണത്തിൽ സജീവമാണ്. ഈ മാസം ഇരുപതിനാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്.

***************************

## Prez - Daman visit

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രഭരണ പ്രദേശമായ ദാദ്ര ആൻഡ് നഗർ ഹവേലി ദാമൻ ദിയുവിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള സ്വീകരണം. ദാമനിലെത്തിയ ശ്രീമതി മുർമുവിനെ അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ സ്വീകരിച്ചു. തുടർന്ന് രാഷ്ട്രപതി ദാമനിൽ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. നാളെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രാഷ്ട്രപതി സന്ദർശിക്കും. സന്ദർശന വേളയിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും സംവദിക്കും. ദിയുവിലെ ഐഎൻഎസ് ഖുക്രി നാവികസേന സ്മാരകവും രാഷ്ട്രപതി സന്ദർശിക്കുന്നുണ്ട്.

***************************

## VICE PRESIDENT- MP

66-ാമത് അഖിലേന്ത്യാ കാളിദാസ് സമാരോഹിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മധ്യപ്രദേശിലെ ഉജ്ജയ് നിൽ നിർവ്വഹിച്ചു . ഗവർണർ മംഗുഭായ് പട്ടേൽ, മുഖ്യമന്ത്രി മോഹൻ യാദവ്, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.കാളിദാസ് സമ്മാൻ ഇന്ത്യയുടെ സംസ്കാരത്തിനുള്ള ബഹുമതിയാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. മഹാകവി കാളിദാസിൻറെ കൃതികളിൽ

മനുഷ്യവികാരങ്ങളുടെ വിസ്മയകരമായ സംഗമവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധവും സ്നേഹത്തിൻ്റെ പരിശുദ്ധിയും ദൃശ്യമാണെന്നും ശ്രീ ധൻഖർ പറഞ്ഞു. 2022-2023 വർഷത്തെ കാളിദാസ് അലങ്കാരൻ സമ്മാൻ പുരസ്ക്കാരം ചടങ്ങിൽ സമ്മാനിച്ചു.

****************************

## REV RAJNATH-DELHI DIALOGUE (INTRO)

വെല്ലുവിളികളെയും ഭീഷണികളെയും ഫലപ്രദമായി നേരിടാൻ സാഹചര്യങ്ങൾക്ക് അനുസൃതമായ പ്രതിരോധമാണ് ആവശ്യമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഡൽഹി ഡിഫൻസ് കോൺഫറൻസ് 2024 നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തീവ്രവാദം, സൈബർ ആക്രമണം,തുടങ്ങിയ സുരക്ഷാ വെല്ലുവിളികളാണ് രാജ്യം നേരിടുന്നതെന്നും ഇത്തരം വെല്ലുവിളികളെ നേരിടാൻ തന്ത്രപരമായ സമീപനം സഹായകമാകുമെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു..

(ഹോൾഡ് വോയിസ് )

സമകാലിക ഭീഷണികളെ നേരിടാൻ കേന്ദ്ര സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.സുരക്ഷാ പ്രശ്നങ്ങളും പ്രതിരോധവും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യാൻ ഡൽഹി ഡിഫൻസ് ഡയലോഗ് വേദിയൊരുക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

****************************

## HARDEEP PURI-ETS

ജൈവ ഇന്ധന മിശ്രണത്തിലൂടെ ഇറക്കുമതി ചെലവിനത്തിലുള്ള 91,000 കോടി രൂപ ലാഭിക്കാനാകുമെന്നും ഇത് കാർഷിക മേഖലയ്ക്ക് ഗുണം ചെയ്യുമെന്നും കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. ജൈവ ഇന്ധന ഉപയോഗത്തിൽ ഇന്ത്യ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണെന്നും അദ്ദേഹം പറഞ്ഞു. ബംഗളൂരുവിൽ നടന്ന 27-ാമത് ഊർജ്ജ സാങ്കേതികവിദ്യ ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു

കേന്ദ്രമന്ത്രി. 2047 ഓടെ രാജ്യത്തിൻറെ ഊർജ്ജ ആവശ്യം 2.5 മടങ്ങ് വർദ്ധിക്കുമെന്നും ശ്രീ ഹർദീപ് സിംഗ് പുരി പറഞ്ഞു. 2070ൽ നെറ്റ്-സീറോ എമിഷൻ ലക്ഷ്യം കൈവരിക്കുന്നതിന് ഊർജ്ജ സുരക്ഷ, സുസ്ഥിരത, സാങ്കേതികവിദ്യ എന്നിവയിൽ കൂടുതൽ ശ്രമങ്ങൾ അനിവാര്യമാണെന്നും ശ്രീ ഹർദീപ് സിംഗ് പുരി വ്യക്തമാക്കി. പരിപാടിയിൽ പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിൻറെ മികച്ച ഊർജ്ജ കാര്യക്ഷമത പുരസ്കാരങ്ങളും വിതരണം ചെയ്തു.

***************************

## CISF

സിഐഎസ്എഫിന്റെ ആദ്യ സമ്പൂർണ വനിതാ ബറ്റാലിയൻ സ്ഥാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകി. വനിതാ ശാക്തീകരണവും ദേശീയ സുരക്ഷയിൽ സ്ത്രീകളുടെ പങ്ക് വർധിപ്പിക്കുന്നതും ലക്ഷ്യമിട്ടാണ് ചരിത്രപരമായ തീരുമാനം.അന്പത്തിമൂന്നാമത് സിഐഎസ്എഫ് ദിനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വനിതാ ബറ്റാലിയന് രൂപം നൽകാൻ നിർദ്ദേശിച്ചിരുന്നു.

***************************

## WOMENS HOCKEY

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ദക്ഷിണ കൊറിയക്കെതിരെ ഇന്ത്യക്ക് ജയം.

മൂന്ന് തവണ ജേതാക്കളായ ദക്ഷിണ കൊറിയയെ 3-2 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത് . ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലായിരുന്നു മത്സരം.

***************************

## PATIL-ASSAM

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ ജലവിഭവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കേന്ദ്ര ജൽശക്തി മന്ത്രി സി ആർ പാട്ടീൽ. അതിനാൽ ജലാശയങ്ങൾ സംരക്ഷിക്കേണ്ടതും

പുനരുജ്ജീവിപ്പിക്കേണ്ടതും നമ്മുടെ ചുമതലയാണെന്ന് മന്ത്രി പറഞ്ഞു. അസം തലസ്ഥാനമായ ഗുവഹത്തിയിൽ നീരുറവകളുമായി ബന്ധപ്പെട്ട പരിശീലന പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സുസ്ഥിര ജലവിഭവമില്ലാതെ 2047 ൽ വികസിത ഭാരതം എന്ന സ്വപ്നത്തിലേക്ക് എത്താനാവില്ലെന്ന് ശ്രീ സി ആർ പാട്ടിൽ പറഞ്ഞു. വെള്ളപ്പൊക്ക നിയന്ത്രണവുമായി ബന്ധപ്പെട്ട ഉന്നതാധികാര ബോർഡ് യോഗത്തിലും കേന്ദ്ര മന്ത്രി പങ്കെടുത്തു.

***************************

## NEXT DIRECT TAX COLLECTION

രാജ്യത്തെ അറ്റ പ്രത്യക്ഷ നികുതി ശേഖരണം നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 15.41 ശതമാനം വളർച്ച രേഖപ്പെടുത്തി. 12 ലക്ഷത്തി പതിനായിരം കോടിയിലധികം രൂപയാണ് ഇതുവരെ ശേഖരിച്ചത്. ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 10 വരെയുള്ള കാലവയളവിൽ മൊത്ത പ്രത്യക്ഷ നികുതി ശേഖരണം റീഫണ്ടിന് മുമ്പ് 21.2 ശതമാനം വർധിച്ച് 15 ലക്ഷം കോടി രൂപയിലധികമായി എന്ന് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് അറിയിച്ചു.

***************************

## PUBLIC SECTOR BANKS

2024-25 വർഷത്തിൻ്റെ ആദ്യ പാദത്തിൽ പൊതുമേഖല ബാങ്കുകൾ മികച്ച പ്രകടനം കാഴ്ച വച്ചതായി ധനമന്ത്രാലയം. മൊത്തം ബിസിനസ് 236.04 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ബാങ്കിംഗ് മേഖലയിൽ സുപ്രധാന പരിഷിക്കരണങ്ങൾ നടപ്പിലായതായും ധനമന്ത്രാലയം അറിയിച്ചു. നിർമ്മിത ബുദ്ധി, ക്ലൗഡ്, ബ്ലോക്ക് ചെയിൽ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിലും പുരോഗതി കൈവരിച്ചു.

***************************

## INDIA RUSSIA AGRICULTURE

റഷ്യൻ കാർഷിക വകുപ്പ് സഹമന്ത്രി മാക്സിം ടിറ്റോവിൻറെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്ത്യൻ ഉപഭോക്തൃ കാര്യ സെക്രട്ടറി നിധി ഖാരെയുമായി കൂടിക്കാഴ്ച നടത്തി. പയർ, പരിപ്പ് വർഗങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട് ചർച്ച നടന്നു. റഷ്യയിൽ നിന്ന് ഇന്ത്യ പയറും പരിപ്പും ധാരാളമായി ഇറക്കുമതി ചെയ്യുന്നുണ്ട്.

***************************

## PUBLIC SERVICE BROADCASTING DAY

പൊതുജന സേവന പ്രക്ഷേപണ ദിനം ഇന്ന് ന്യൂഡൽഹിയിലെ ആകാശവാണി ഭവനിൽ ആഘോഷിച്ചു. 1947 ൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ആകാശവാണി സന്ദർശിച്ചതിന്റെ സ്മരണാർത്ഥമാണ് എല്ലാ വർഷവും നവംബർ 12 പൊതുജന സേവന പ്രക്ഷേപണ ദിനമായി ആഘോഷിക്കുന്നത്. മഹാത്മാഗാന്ധിയുടെ സന്ദേശങ്ങൾ മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കാൻ എല്ലാവരെയും പ്രേരിപ്പിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ പങ്കെടുത്ത പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ പറഞ്ഞു.

***************************

*********************

***********